# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 51

## 26.4.2017 - ലെ മറുപടിയ്ക്ക്

## സംസ്ഥാനത്തെ നോട്ടുക്ഷാമം

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. പി. ഉണ്ണി | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | സംസ്ഥാനത്തെ മിക്ക ട്രഷറികളിലും പണം ഇല്ലാതെ പെൻഷൻകാർ ബുദ്ധിമുട്ടിലായതിന്റെ കാരണം അറിയിക്കാമോ; കേന്ദ്ര സർക്കാരിന്റെ നയ വൈകല്യങ്ങൾ കാരണം ബാങ്കുകളുടെ എ.ടി.എമ്മുകളിൽ കറൻസി നോട്ടില്ലാതെ ജനങ്ങൾ ദുരിതത്തിലായതായ ആക്ഷേപം കേന്ദ്ര സർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ: | സംസ്ഥാനത്തെ മിക്ക ട്രഷറികളിലും പണം ലഭിക്കാതെ പെൻഷൻകാർക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ട്രഷറികളിൽ ഇടപാട് നടത്തുന്നതിന് ആവശ്യമായ പണം ട്രഷറികളുടെ ഏജൻസി ബാങ്കിൽ നിന്നാണ് ലഭിക്കുന്നത്. നോട്ട് നിരോധനത്തിനു ശേഷം, ഏജൻസി ബാങ്കിനോട് ആവശ്യപ്പെടുന്ന തുകയുടെ പകുതിയിൽ കുറവു തുക മാത്രമാണ് ലഭിക്കുന്നത്. പെൻഷൻകാർ ഉൾപ്പെടെയുള്ള ട്രഷറി ഇടപാടുകാർ നോട്ട് ക്ഷാമം മൂലം നേരിടുന്ന പ്രയാസങ്ങൾ പല പ്രാവശ്യം റിസർവ് ബാങ്ക് അധികാരികളെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. |
| (ബി) | ഉത്സവകാലത്തുണ്ടായ നോട്ടുക്ഷാമം പൊതുജനങ്ങളെ ദുരിതത്തിലാക്കിയതിനോടൊപ്പം സർക്കാരിന്റെ നികുതി വരവിനെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ : | നോട്ടുക്ഷാമം സർക്കാരിന്റെ നികുതി വരവിനെ കാര്യമായി ബാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ നോട്ട് നിരോധനം പ്രഖ്യാപിച്ച 2016 നവംബർ മാസം രജിസ്ട്രേഷൻ വകുപ്പിലെ റവന്യൂ വരുമാനത്തിൽ മാത്രം മുൻ മാസത്തെ അപേക്ഷിച്ച് 100 കോടി രൂപയുടെ കുറവുണ്ടായിരുന്നു. 2016 ഏപ്രിൽ മാസം മുതൽ 2016 ഒക്ടോബർ വരെയുള്ള പ്രതിമാസ ശരാശരി വരുമനം 220.98 കോടി രൂപയും 2016 നവംബർ മുതൽ 2017 ജനുവരി വരെയുള്ള പ്രതിമാസ ശരാശരി വരുമാനം 175.87 കോടി രൂപയുമാണ്. നോട്ടു നിരോധനത്തിനു ശേഷം പ്രതിമാസ ശരാശരി വരുമാനത്തിൽ 45.11 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.<br><br>കറൻസി ക്ഷാമം മൂലം ഭാഗ്യക്കുറി വിൽപ്പനയിൽ ഗണ്യമായ കുറവുണ്ടായി. തന്മൂലം ഡിസ്കൗണ്ട്/കമ്മീഷൻ / ഏജന്റ്സ് പ്രൈസ് എന്നീ ഇനങ്ങളിൽ ഏജന്റുമാർക്കും വിൽപ്പനക്കാർക്കും സംഭവിക്കാവുന്ന നഷ്ടം കണക്കിലെടുത്ത് ടിക്കറ്റ് വിൽപ്പനയിൽ ഏർപ്പെടുത്തിയിട്ടുള്ള സർവ്വീസ് ടാക്സ് ഒഴിവാക്കി നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. |

| | | |
|---|---|---|
| | | നോട്ട് നിരോധനം നിലവിൽ വന്നതിനു ശേഷം 2016 നവംബർ 9 മുതൽ 2017 മാർച്ച് 31 വരെ എക്സൈസ് വകുപ്പ് മുഖേന പ്രതീക്ഷിച്ച വരുമാനം 924 കോടി രൂപയും ഈ കാലയളവിൽ ലഭിച്ച തുക 766.72 കോടി രൂപയുമാണ്. ടി കാലയളവിൽ എക്സൈസ് വകുപ്പ് മുഖേന പ്രതീക്ഷിച്ച വരുമാനത്തിൽ 17.02% കുറവുണ്ടായി. ടി കാലയളവിൽ 2015-16 സാമ്പത്തിക വർഷത്തിലെ സമാന കാലയളവിനെ അപേക്ഷിച്ച് നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. |
| (സി) | മദ്യ വിപണനശാല നിരോധനവും കറൻസി ക്ഷാമവും സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ ഉണ്ടാക്കിയ ആഘാതത്തിന് കേന്ദ്ര സർക്കാരിൽ നിന്ന് നഷ്ടപരിഹാരം നേടിയെടുക്കാൻ നടത്തിയ ശ്രമങ്ങൾ അറിയിക്കാമോ: | പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | കറൻസി നൽകാതെ ജനങ്ങളെ നിർബന്ധിതമായി ഡിജിറ്റൽ ഇടപാടിന് പ്രേരിപ്പിക്കുകയും അതോടൊപ്പം ഇത്തരം ഇടപാടുകൾക്ക് ധനകാര്യ സ്ഥാപനങ്ങൾ സർവീസ് ചാർജ്ജ് വർദ്ധിപ്പിക്കുകയും ചെയ്ത് ജനങ്ങളെ കൊള്ളയടിക്കാൻ അനുവാദം നൽകുന്നതായി ആക്ഷേപമുള്ള കേന്ദ്ര സർക്കാർ നയം അടിയന്തിരമായി തിരുത്താൻ ആവശ്യപ്പെടുമോ? | ഈ വിഷയങ്ങളിലുള്ള ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ